**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3987** **15-07-2022 - ൽ മറുപടിയ്ക്ക്**

**താലൂക്കടിസ്ഥാനത്തിൽ ഗോഡൗണുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | താലൂക്ക് അടിസ്ഥാനത്തിൽ ഗോഡൗണുകൾ ആരംഭിക്കുന്നതിന് വകുപ്പ് തീരുമാനം എടുത്തിട്ടുണ്ടോ; ഇങ്ങനെ ഗോഡൗണുകൾ നിർമ്മിക്കാൻ ആവശ്യമായ ഭൂമി എങ്ങനെയാണ് കണ്ടെത്തുന്നത് എന്നും വ്യക്തമാക്കാമോ; | (എ) | ഉണ്ട്. അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തി ഗോഡൗണുകൾ പണിയുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | നിലവിൽ ഏതെല്ലാം താലൂക്കുകളിലാണ് പദ്ധതിക്കായി സ്ഥലം കണ്ടെത്തി പ്രവൃത്തി ആരംഭിച്ചത്; വിശദമാക്കാമോ; | (ബി) | നിലവിൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിൽ സ്ഥലം കണ്ടെത്തി ഗോഡൗൺ പണിയുന്നതിനായി തറക്കല്ലിട്ടിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ നിർവ്വഹണം ഏത് വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്; ഓരോ ഗോഡൗണിനും എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകുന്നത്; വ്യക്തമാക്കാമോ? | (സി) | പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടു കൂടി ഗോഡൗണിന്റെ രൂപരേഖ തയ്യാറാക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ നടന്ന് വരികയുമാണ്. കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിലും പത്തനംതിട്ട ജില്ലയിലെ കോന്നിയിലും ഗോഡൗൺ നിർമ്മാണത്തിനായി നിലവിൽ 5 കോടി രൂപ വീതമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ